# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2574** — **10.12.2014 ൽ മറുപടിക്ക്**

## ദേശീയ ആരോഗ്യനയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ ആരോഗ്യ നയം നിലവിലുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) & (ബി) ദേശീയ തലത്തിൽ 2002-ലെ ദേശീയ ആരോഗ്യ നയമാണ് നിലവിലുള്ളത് (National Health Policy 2002). സംസ്ഥാനത്തെ ആരോഗ്യ പരിപാടികൾ പൊതുവിൽ ദേശീയ ആരോഗ്യനയത്തിന്റെയും, ദേശീയ സംസ്ഥാന സർക്കാരുകളുടെ തീരുമാനങ്ങളെയും നയപരിപാടികളെയും അടിസ്ഥാനമാക്കിയാണ് നടപ്പിലാക്കി വരുന്നത്. കേന്ദ്ര ഗവൺമെന്റ് ആരോഗ്യനയം പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) ദേശീയ ആരോഗ്യ നയത്തിൽ ആദിവാസി മേഖലകളിൽ ആരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (സി) നിലവിൽ ദേശീയ ആരോഗ്യനയത്തിൽ (2002) ആദിവാസി വിഭാഗങ്ങൾ അടക്കമുള്ള പിന്നോക്ക ജനവിഭാഗങ്ങളുടെ നിലവിലെ ആരോഗ്യ സൂചകങ്ങൾ താരതമ്യേന മോശമാണെന്നുള്ള കാര്യവും അത് മെച്ചപ്പെടുത്താൻ നടപടികൾ എടുക്കേണ്ടതിനെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. എന്നാൽ ആരോഗ്യ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ഇതിൽ പരാമർശിക്കുന്നില്ല. |
| (ഡി) ആദിവാസി, പിന്നോക്ക വിഭാഗങ്ങളുള്ള ഏതൊക്കെ ജില്ലകളിൽ പ്രസ്തുത മാനദണ്ഡം അനുസരിച്ച് ആശുപത്രികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) (see table below) |

| ജില്ല | ആശുപത്രി |
|---|---|
| പാലക്കാട് | ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, കോട്ടത്തറ |
| വയനാട് | മാനന്തവാടി നല്ലൂർനാട് ഗവ. ട്രൈബൽ ആശുപത്രി |

സെക്ഷൻ ഓഫീസർ